## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2523** — **12/06/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണവും ഉപഭോക്താക്കളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. വി.എസ്.ശിവകുമാർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; | (എ) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ റിസർവ്വ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെ പറയുന്ന മറ്റ് നടപടികളും തുടർന്ന് വരുന്നു.<br>1) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.<br>2) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>3) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് |

| | | | |
|---|---|---|---|
| | | | മാറുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>4) ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200 ഓളം ഉന്നത ഉദ്യോഗസ്ഥന്മാർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടു നൽകുന്ന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട മറ്റു നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br>5) സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അതു നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവ രൂപകൽപ്പന ചെയ്യുന്നതിന് സഹായകമായി ഈ മേഖലയിലെ വിദഗ്ദ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | ഇതു സംബന്ധിച്ച അപേക്ഷ ആർ.ബി.ഐ.ക്ക് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും ചേർന്ന് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലേക്കുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നബാർഡ് ബാങ്കിന് അനുമതി നൽകുന്നതിന് എന്തെങ്കിലും ഉപാധികൾ മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വച്ചിട്ടുള്ളതായി നബാർഡിൽ നിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നഷ്ടത്തിലോടുന്ന സംസ്ഥാന സഹകരണ ബാങ്കും ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ല സഹകരണ ബാങ്കും ലയിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാൻ അവർക്ക് നേരിട്ട് സർക്കാർ ധനസഹായം നൽകേണ്ടി വരുമോ; | (ഡി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ജില്ല ബാങ്കുകളുടെ ഉപഭോക്താക്കളെ ലയന വിവരം രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ലയനത്തിൽ എതിർപ്പുള്ള നിക്ഷേപകർക്ക് പണം കാലാവധിക്ക് മുമ്പ് പലിശയിൽ കുറവ് വരുത്താതെ പിൻവലിക്കുന്നതിനുള്ള അവസരം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ